സഹകരണ ബാങ്ക് ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പരിധി

123 (2701) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്ക് ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പരിധി 3.75 ലക്ഷം രൂപയായി ഉയർത്തിക്കൊണ്ട് സർക്കാർ തീരുമാനമായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സഹകരണ രജിസ്ട്രാറിന്റെ നിർദ്ദേശമടങ്ങിയ ഫയലിന്മേൽ അടിയന്തിര ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വായ്പാ പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ അഭിപ്രായം ലഭിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം ആകും.

സഹകരണ ബാങ്ക് ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിക്കുന്നത് സംബന്ധിച്ച്

124 (2702) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി റോസമ്മാ ചാക്കോ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് ഇപ്പോൾ ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ട്രഷറിയിൽ പണം നിക്ഷേപിക്കുന്നത് സംബന്ധിച്ച് നബാർഡിന്റെയോ, റിസർവ്വ് ബാങ്കിന്റെയോ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ലഭിച്ചു ;

(ഡി) വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിൽ അത് ജില്ലാ ബാങ്കുകളെ അറിയിച്ചിട്ടുണ്ടോ ;

(എഫ്) ജില്ലാ ബാങ്കുകൾ ഇപ്പോഴും പണം ജില്ലയിലെ ട്രഷറികളിൽ നിക്ഷേപിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly